ബ്രൂണോ

ഹാലിധൂമകേതുവിന് സ്വാഗതം



ശാസ്ത്ര
കലാജാഥ

നവംബർ 7 മുതൽ
ഡിസംബർ 7 വരെ
ശാസ്ത്രസാഹിത്യപരിഷത്ത്

നാടകങ്ങൾ

ഇതിൽ രണ്ട് കൊച്ചു നാടകങ്ങളാണുള്ളത്. കലാജാഥാംഗങ്ങളുടെയും മററു പരിഷത് പ്രവർത്തകരുടെയും കൂട്ടായ ഉൽപന്നങ്ങളാണവ. അവക്ക് അപ്പപ്പോഴത്തെ രൂപം നൽകുന്നത് ആസ്വാദകരും. പരിഷത്തിന്റെ കലാരൂപങ്ങൾ കലാകാരന്റെ ഉൾവിളിയിൽ നിന്നുണ്ടാകുന്ന ആത്മാവിഷ്കാരങ്ങളല്ല, ബോധപൂർവം തയ്യാറാക്കുന്ന സമരായുധങ്ങളാണ്. അവക്ക് മൂർച്ചവരുത്തുന്ന പടയാളികൾക്കായി ഇവ സമർപ്പിക്കുന്നു.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

Malayalam

bruno

kerala sastra sahitya parishad, trichur

first published november 1985

printed at
social scientist press, trivandrum -14

price : *rupees one*

kssp skj 3/85 cr /8 1/10000

ബ്രൂണോ

ഒന്നാമൻ: കോപ്പർനിക്കസ് മരിച്ചതോടുകൂടി അയാളുടെ അബദ്ധജടിലങ്ങളായ പ്രസ്താവനകളും മൺമറഞ്ഞു എന്നാണു നാം കരുതിയത്. പക്ഷെ അവനെക്കാളും ഭീകരനായൊരു ദൈവനിഷേധി ഇതാ ഉദയം ചെയ്തിരിക്കുന്നു. ബ്രൂണോ!

രണ്ടാമൻ: അവൻ ദൈവനിഷേധി മാത്രമല്ല ഭ്രാന്തനുംകൂടിയാണ്.

ബ്രൂണോ: ഭൂമി സ്ഥിരമായി നിലനിൽക്കുന്നു എന്നുപറയുന്നത് ശരിയല്ല. അത് സൂര്യനുചുററും കറങ്ങിക്കൊണ്ടിരിക്കുകയാണ്.

മൂന്നാമൻ: ബ്രൂണോ! നീ ദൈവത്തിൻെറ വചനങ്ങൾക്കാണ് എതിരുപറയുന്നത് എന്ന് അറിയുന്നില്ലേ?

ബ്രൂണോ: സത്യം പറയുന്നത് ദൈവവചനങ്ങളെ ധിക്കരിക്കലല്ല.

ഒന്നാമൻ: നിൻെറ അനുമാനങ്ങൾ വിശുദ്ധ ഗ്രന്ഥത്തിനും തിരുസഭക്കും എതിരല്ലേ?

ബ്രൂ: വിശുദ്ധ ഗ്രന്ഥത്തിനും തിരുസഭക്കും എതിരായ ഒരു വിശ്വാസം പ്രചരിപ്പിക്കലല്ല എന്റെ ലക്ഷ്യം. മഹാനായ കോപ്പർനിക്കസിന്റെ അനുമാനങ്ങൾ പ്രചരിപ്പിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

രണ്ടാ: ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്ന് പുരോഹിതൻമാർ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ.

ബ്രൂ: പുരോഹിതൻമാർക്ക് അറിയാത്ത എത്രയോ ശാസ്ത്ര സത്യങ്ങൾ ഈ പ്രപഞ്ചത്തിലുണ്ട്.

മൂന്നാ: ബ്രൂണോ, നീ ഞങ്ങളുടെ വിശ്വാസങ്ങളെ തകർക്കരുത്. ഞങ്ങളുടെ സ്വസ്ഥത കെടുത്തരുത്.

ബ്രൂ: സത്യമാണ് നിങ്ങളെ സ്വസ്ഥതയിലേക്ക് നയിക്കുന്നത്. അസത്യം നിങ്ങളുടെ സ്വസ്ഥത കെടുത്തുകയേ ഉള്ളൂ.

നാലാമൻ: ബ്രൂണോ, സഭയുടെ നിലനിൽപിനെ ചോദ്യം ചെയ്യുന്നതെന്തും ദൈവവിരോധമാണെന്ന് നീ അറിയുന്നുണ്ടോ. (സംഘം ചേരുന്നു).

ബ്രൂ: തിരുമേനി, ദൈവം സൃഷ്ടിച്ചു എന്നു നാം കരുതുന്ന ഭൂമി യഥാർത്ഥത്തിൽ എങ്ങനെയിരിക്കുന്നുവെന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ? എന്നാൽ ശാസ്ത്രത്തിന്റെ അനുമാനത്തിൽ ഞാനത് മനസ്സിലാക്കുന്നു.

അഞ്ചാമൻ: നിർത്തൂ ദൈവനിഷേധം. ഇത് എനിക്കു കേൾക്കാൻ കൂടി വയ്യ. ഇതു പറയുന്നവന്റെ നാവ് പിഴുതെറിയുകതന്നെ വേണം. (സംഘം ചേരുന്നു.)

[മുഖ്യവിചാരണ ഉദ്യോഗസ്ഥൻ വരുന്നു. കൂട്ടത്തിൽ രണ്ടുപേർ]

മു: വി: മാന്യരെ നിങ്ങളുടെ ദൈവഭയവും മനോവിഷമവും എനിക്ക് മനസ്സിലാകുന്നുണ്ട്. ദൈവ സങ്കൽപത്തെ തകർക്കാനാണ് ബ്രൂണോ എന്ന ഈ ഭ്രാന്തൻ ശ്രമിച്ചു

കൊണ്ടിരിക്കുന്നത്. അതുവഴി അവൻ തിരുസഭയുടെ പരമാധികാരത്തെ ചോദ്യം ചെയ്യുകയാണ് ചെയ്യുന്നത്. നമ്മുടെ തലമുറയെ ആകത്തന്നെ പാപത്തിലേക്ക് തള്ളിവിടാനാണ് ആ നികൃഷ്ടൻ ശ്രമിക്കുന്നത്. അയാൾ ഈ ഭ്രാന്ത് നിർത്തുന്നില്ലെങ്കിൽ പരമാവധി ശിക്ഷതന്നെ നൽകും. നിങ്ങളുടെ അഭിപ്രായം?

സംഘം: തീർച്ചയായും....

സംഘം: (മുട്ടുകുത്തി) വിശുദ്ധവേദപുസ്തകത്തെ ധിക്കരിച്ച ബ്രൂണോവിനെ ചുട്ടുകരിക്കുക തന്നെ വേണം.

(മണിമുഴങ്ങുന്നു)

മു: വി: അവനെ കൊണ്ടുവരൂ....

(കൊണ്ടുവരുന്നു)

മു: വി: നീയാണ് ബ്രൂണോ, അല്ലേ?

ബ്രൂ: അതെ.

മു: വി: സൂര്യൻ നിശ്ചലമായി നിൽക്കുകയാണെന്നും ഭൂമിയാണ് സൂര്യനെ കറങ്ങിക്കൊണ്ടിരിക്കുന്നത് എന്നും ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമല്ല എന്നും നീ പറഞ്ഞു നടക്കുന്നു. ഇത് തിരുസഭയ്ക്കും വേദപുസ്തകങ്ങൾക്കും എതിരാണെന്ന കാര്യം നിങ്ങൾക്കറിയാമോ?

ബ്രൂ: പ്രവാചകനായ മോസസിന് പത്ത്കൽപനകൾ നൽകിയത് യഹോവയായ നമ്മുടെ ദൈവമാണെങ്കിൽ ഞാൻ അത് അനുസരിക്കുകയാണ് ചെയ്യുന്നത്. ഈ പ്രപഞ്ചത്തിന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് ഞാൻ കള്ളസാക്ഷി പറഞ്ഞുകൂട.

ഒന്നാ: ഒരു ദൈവദാസൻ!

രണ്ടാ: ഒരു സത്യാന്വേഷി!!

മൂന്നാ: വിശുദ്ധമായ ഈ വിചാരണമുറിയിൽ ഇവനെ അധികനേരം നിർത്തിക്കൂട.

നാലാ: ഇവനെ എത്രയും വേഗം ചുട്ടുകരിക്കുകതന്നെ വേണം.

മു: വി: തിരുസഭയെ ധിക്കരിക്കുന്നതിലൂടെ നിങ്ങൾ ഭരണാധികാരിയെ ധിക്കരിക്കുകയാണ്. നിങ്ങൾക്ക് മരണശിക്ഷനൽകാൻ ഈ കാരണങ്ങൾ ധാരാളം മതി.

ബ്രൂ: കോപ്പർനിക്കസിന്റെ അനുമാനങ്ങൾ ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. മനസിലാക്കുന്നു. അതുവഴി തിരുസഭയുടെ പ്രമാണങ്ങളിലെ കള്ളം പറയരുത് എന്ന വചനം ഞാൻ അനുസരിക്കുകമാത്രമാണ് ചെയ്യുന്നത്.

മു: വി: ബ്രൂണോ, ദൈവനിഷേധിയായ നിങ്ങൾ യാതൊരുവിധ ദയയും അർഹിക്കുന്നില്ലെന്നു ഞങ്ങൾക്കുബോധ്യമായിരിക്കുന്നു. വിശുദ്ധ പിതാവിന്റെ പേരിൽ ബ്രൂണോവിനെ തീയിട്ടുകൊല്ലാൻ നാം കൽപിക്കുന്നു. (മുഖ്യവിചാരകൻ പോകുന്നു.)

[സംഘം വെന്തെരിയുന്ന ബ്രൂണോവിനെ നോക്കി ആർത്ത് അട്ടഹസിക്കുന്നു.]

ബ്രൂ: വിഡ്ഢികൾ....എന്നെ നിങ്ങൾക്ക് നിശബ്ദനാക്കാൻ കഴിഞ്ഞേക്കാം. എന്നാൽ ഭൂമി കറങ്ങിക്കൊണ്ടേയിരിക്കും.

സംഘത്തിൽ ഒരാൾ: എവിടെ നിന്റെ കോപ്പർനിക്കസ്. കോപ്പർനിക്കസിനെ വിളിക്കൂ.

ബ്രൂ: കോപ്പർനിക്കസിന്റെ സിദ്ധാന്തങ്ങൾ തെളിയിക്കപ്പെടുകതന്നെ ചെയ്യും.

സംഘത്തിൽ ഒരാൾ: ബ്രൂണോ, ഭൂമി കറങ്ങുന്നുണ്ടല്ലേ?

മററൊരാൾ: ഇപ്പോൾ കറങ്ങുന്നത് ബ്രൂണോവാണ്.

ബ്രൂണോ മരിക്കുന്നു.

സംഘം തിരിച്ചുപോകുന്നു.

മാലിന്യം

ചെണ്ട

[കോറസ് ഇരുവശത്തുനിന്നും വന്ന് വാതിൽ രൂപപ്പെടുത്തുന്നു. അകത്തുനിന്ന് ശാന്ത അരങ്ങിലേക്ക് എറിയപ്പെടുന്നു. പിന്നാലെ പാറു വന്നുനിൽക്കുന്നു. ബാലൻ തൊട്ടുപിറകെ ശാന്തയുടെ പെട്ടിയും മററും ശാന്തയുടെ മുന്നിലേക്ക് എറിഞ്ഞുകൊടുക്കുന്നു.]

പാറു: ദേ കിടക്കുന്നെടീ നിൻെറ പെട്ടീം പ്രമാണോമൊക്കെ. നിൻെറ തറവാട്ടുമഹിമ കണ്ടോണ്ടൊന്നുമല്ല നിന്നെ ഇവിടെ കെട്ടിച്ചോണ്ടുവന്നത്. നിൻെറ പൊന്നാര അച്ഛനോട് ചെന്നു പറഞ്ഞേക്ക്. സ്ത്രീധനത്തിൻെറ ബാക്കി നാളെത്തന്നെ കൊണ്ടുതന്നില്ലെങ്കിൽ എൻെറ അടിച്ചതിനകത്ത് കേററത്തില്ലെന്ന്. ഇതാരാ പറയണതെന്നറിയാമോ? കിഴക്കേടത്തെ പാറുക്കുട്ടിയാ, പാറുക്കുട്ടി.

ബാലൻ: ചേട്ടത്തിയോട് വിരോധമൊന്നും ഉണ്ടായിട്ടല്ല. ഇരുപത്തയ്യായിരം രൂപ കൊടുത്താലേ എനിക്കാ ജോലി ശരിയാകൂ! ഇവിടെ വേറെ മാർഗമൊന്നുമില്ലെന്ന് ചേടത്തിക്കറിയില്ലേ?

ശാന്ത: (എഴുന്നേററ്) നീയെന്താ ബാലാ ഇങ്ങനെ പറയുന്നത്? എൻെറ വീട്ടിലെ സ്ഥിതി നിനക്കറിയില്ലേ? ഇനിയും മൂന്നാലു പെൺകുട്ടികളെ കെട്ടിക്കാനുള്ള വീടല്ലേ എൻേറത്?

പാറു: അതെന്തിനാടീ ഞങ്ങളറിയണത്?

ബാ: അമ്മയകത്തേക്കു പോ. ചേച്ചിചെന്ന് ബാക്കി തുക വാങ്ങിക്കൊണ്ടുവരട്ടെ .(ഇരുവരും അകത്തേക്ക്... പാറുവിൻെറ കെട്ടിയോൻ മദ്യപിച്ച് ആടിയാടിവരുന്നു. ശാന്തയെക്കണ്ട്...)

കെ: അയ്യോ... മോളേ ...എന്തുപററി? നീയെന്താ ഇങ്ങനെയിരിക്കണത്? അല്ലേ! പെട്ടീം പ്രമാണോമൊക്കെ ഒണ്ടല്ലോ....നീയങ്ങു വീട്ടിൽ പോകുവാണോ? (പാറു വരുന്നു)

പാറു: നിങ്ങക്കെന്താ മനുഷനെ, ഇവിടെക്കാര്യം? അകത്തേക്കുപോ....

കെ: അല്ലേലും ഞാനിത് നേരത്തെ കരുതിയതാ ഇങ്ങനേ വരൂന്ന്....പോടി ...വീട്ടിൽ പോയി ബാക്കികാശു വാങ്ങിക്കൊണ്ടു വാടീ ... പാറൂൻെറ കെട്ടിയോനാ ഇപ്പറയുന്നത്....

പാറു: വാ മനുഷ്യാ ഇങ്ങോട്ട്... (പിടിച്ചുകൊണ്ടു അകത്തേക്ക് പോകുന്നു)

[ശാന്തയുടെ ഭർത്താവ് വരുന്നു]

ഭ: ശാന്തേ എന്താണിത്? (ശാന്ത കാൽക്കൽ വീണുപൊട്ടിക്കരയുന്നു) അമ്മേ....അമ്മേ (പാറുവരുന്നു. ബാലനും) അമ്മേ....എന്തായിത്?

ബാലൻ: ചേട്ടാ! ഇൻറർവ്യൂ കഴിഞ്ഞു, ഇനി 25000 രൂപ കൂടി കൊടുത്താൽ എനിക്കാ ജോലികിട്ടും....ചേട്ടൻെറ കയ്യിലുണ്ടോ തരാൻ? ചേട്ടത്തിയോട് ചോദിച്ചപ്പോഠം അമ്മയും ചേടത്തിയും കൂടി ഒന്നും രണ്ടും പറഞ്ഞു വഴക്കായി. അവർക്ക് ഇവിടെ കഴിയാൻ വയ്യത്രേ! വീട്ടിൽ പോകണമത്രേ! പോകട്ടെ....(പോകുന്നു)

ഭ: ശാന്തെ നീ ഈ സന്ധ്യക്കാണോ വീട്ടിൽ പോകുന്നത്? വേണ്ട....ഈ നേരത്ത് എങ്ങും പോകണ്ട.

പാറു: അവളു പോകട്ടെടാ....പോയി സ്ത്രീധനം കൊണ്ടു വരട്ടെ....

ഭ: ഈ സന്ധ്യക്കാണോ നിങ്ങളവളെ പറഞ്ഞുവിടാൻ പോണത്?

പാറു: അല്ലല്ലേ! വേണ്ട വേണ്ട....നീയവളെയങ്ങകത്തു കൊണ്ടു പോയിവച്ച് പൂജിക്ക്. (പോകുന്നു.)

ഭ: ശാന്തേ....എഴുന്നേൽക്ക്.... അകത്തുപോ.... (പെട്ടിയും മററും എടുത്ത് ശാന്തയേയും കൂട്ടി അകത്തേയ്ക്കു)

ചെണ്ട

കോറസ് (5 പേർ) പുറംതിരിഞ്ഞു നിൽക്കുന്നു. പാറുവും കെട്ടിയോനും ബാലനും വരുന്നു....തിരക്കിട്ട ചർച്ചകാം....പാറുവാണ് നയിക്കുന്നത്....ചെണ്ടമേളം മാത്രം....മേളം നിലയ്ക്കുമ്പോാം....

കെ: നീയെന്താ പാറൂ ഈ പറയുന്നത്.

ചെണ്ടമേളം

ബാ: ചേട്ടനെന്താ വേറെ പെണ്ണുകിട്ടില്ലേ? നമ്മളിത് പുറത്താരോടും പറയാതിരുന്നാൽ മതി.

ചെണ്ടമേളം

കെ: അതിനിങ്ങനെ തന്നെ ചെയ്യണമെന്നൊണ്ടോ എൻെറ പാറൂ.

പാ: ഇതേയുള്ളു അതിനൊരു മാർഗം....

ചെണ്ടമേളം മുറുകുന്നു കോറസ് ഇരിക്കുന്നു. പിന്നിൽ തുങ്ങിമരിച്ചു നിൽക്കുന്ന ശാന്ത....പാറുവും സംഘവും മുതലക്കണ്ണീർ ചൊരിയുന്നു. ചെണ്ടമേളം ഉയർന്നു പൊടുന്നനെ നിലയ്ക്കുന്നു.

കോറസ് I (എഴുന്നേററ് മുന്നോട്ട് വന്ന്) ഒരു മരണം

II അല്ല, ആത്മഹത്യ

III അതോ കൊലപാതകമോ?

IV നമ്മുടെ നാട്ടിൽ ഇത്തരം എത്രയെത്ര സംഭവങ്ങൾ

ഒരുമിച്ച്: ഇതിൻെറയെല്ലാം സത്യം ആർക്കറിയാം? എങ്ങനെയറിയും?

V നമ്മുടെ നാട്ടിലെയും വീട്ടിലെയും ഇത്തരം പ്രശ്നങ്ങൾ നമ്മുടെ മുന്നിലെത്തിക്കുന്നത് പത്രങ്ങളാണ്. നമ്മുടെ നാട്ടിലുമുണ്ട് ഇത്തരം വാർത്തകളെത്തിക്കുന്ന പത്രങ്ങളും മാസികകളും.

[ചെണ്ടമേളം. കോറസ് പത്രമാഫീസാകുന്നു. പത്രാധിപർ കാളിംഗ് ബെല്ലടിക്കുന്നു....ഒരു ജോലിക്കാരൻ ഓടിവരുന്നു.]

പത്രാ: എവിടെപ്പോയി കിടക്കുകാടോ താൻ? എത്ര നേരമായി വിളിക്കുന്നു....ഫീച്ചറൊക്കെ ശരിയായോ?

ജോ: ഒരു കൊലപാതകം മരുന്നിനുപോലും കിട്ടാനില്ല. പിന്നെങ്ങനെ ഫീച്ചറുണ്ടാക്കും?

പത്രാ: ആരെക്കൊന്നിട്ടായാലും വേണ്ടില്ല, ഫീച്ചർ ഉണ്ടായിരിക്കണം.

ജോ: ഞാൻ ഡിററക്ടീവ് നോവലെഴുതിക്കൊണ്ടിരിക്കുകയായിരുന്നു സാർ.

പത്രാ: ഡോക്ടറോട് ചോദിക്കുക എന്തായി?

ജോ: ഒരു 15 ചോദ്യവും ഉത്തരവും ഞാൻ തന്നെ എഴുതിക്കഴിഞ്ഞു.

പത്രാ: അത്തുമതി. പാചകവിധിയോ?

ജോ: അതും ഞാൻതന്നെ എഴുതിയിട്ടുണ്ട്. മാങ്ങാണ്ടിച്ചമ്മന്തി.

പത്രാ: വാരഫലം ശരിയായില്ലേ!

ജോ: അയ്യോ മറന്നു. ഇനിയിപ്പോ എന്തുചെയ്യും സാർ.... സമയവുമില്ലല്ലോ....

പത്രാ: ഒരു കാര്യം ചെയ്യ്. രണ്ട്മാസം മുൻപത്തെ ഒരു വാരഫലം എടുത്ത് നാള് പരസ്പരം മാററി ഫിററുചെയ്യ്.

ജോ: അങ്ങനെ ചെയ്യാം സാർ.... (പോകുന്നു)

പത്രാ: എടോ! മുഖചിത്രം എന്താണ് ചേർക്കുന്നത്?

ജോ: ഇത്തവണ അവാർഡുകിട്ടിയ സംവിധായകൻെറ ചിത്രമായാലോ?

പത്രാ: സംവിധായകൻ! കുന്തം! എടോ പെണ്ണിൻെറ പടം വേണം——പെണ്ണിൻെറ പടം.

ജോ: ശരിസാർ (പോകുന്നു).

പത്രാ: ആ ബാലമാലിന്യത്തെ ഒന്നു വിളിക്ക്.

ജോ: ശോശാമ്മേ....ബാലമാലിന്യത്തെ വിളിക്കു....

(ബാലമാലിന്യം വരുന്നു)

പത്രാ: ഇയ്യാഴ്ചത്തേക്കുള്ളതെല്ലാം ആയോ? ഡിററക്ടീവ്—ജെയിംസ് ബോണ്ട്—യക്ഷിക്കഥ എല്ലാം?

ബാ. മാ: ശരിയായിവരുന്നു.

പത്രാ: സർക്കുലേഷൻ ഇപ്പോഴെങ്ങനെ?

ബാ. മാ: കുറവാണ്. 4 ലക്ഷം.

ജോ: എടോ! ഞങ്ങളുടെ മാലിന്യം 20 കഴിഞ്ഞു!

ബാ. മാ: ഇതെൻെറ കുററമല്ല....സർക്കുലേഷൻ കൂട്ടാൻ എന്തെങ്കിലുമൊക്കെ ചെയ്യണം. കലാമത്സരങ്ങളോ സമൂഹവിവാഹമോ—ഒക്കെ.

പത്രാ: എന്തു കുന്തം ചെയ്തിട്ടായാലും വേണ്ടില്ല. സർക്കുലേഷൻ കൂട്ടണം.

(ഫോൺബെൽ. പത്രാധിപർ എടുത്ത് ശ്രദ്ധിക്കുന്നു.)

പത്രാ: ഹലോ! മ...മ...മാലിന്യത്തിൻെറ പത്രാധിപർ ഇട്ടൂപ്പ്! എന്ത്? എന്ത്? കൊലപാതകമോ? സ്ത്രീയോ? ആത്മഹത്യയാണെന്നോ? ഉടൻ ആളെ അയയ്ക്കാം....

എടോ കൊലപാതകം....സ്ത്രീ...ആത്മഹത്യ! രക്ഷപ്പെട്ടു....എവിടെറിപ്പോർട്ടർ? റിപ്പോർട്ടർ....റിപ്പോർട്ടർ. (റിപ്പോർട്ടർ വരുന്നു.) യെസ് സാർ.

പത്രാ: എടോ ഉടൻ പോകണം. മരണം....സ്ത്രീ....ഫീച്ചറുണ്ടാക്കണം. ഉടൻ പോകണം....ഫോട്ടോഗ്രാഫറെ വിളിക്ക് ഉടൻ പുറപ്പെട്....

റി: എവിടെയാണ് സാർ?

പത്രാ: എവിടെയെങ്കിലുമാകട്ടെടോ! ഉടൻ പുറപ്പെടടോ.

റി: യെസ് സാർ. (പോകുന്നു)

പത്രാ: ഹോ! ആശ്വാസമായി! ഫീച്ചറിന്നു വകയായല്ലോ! ഇന്നൊരു നല്ല ദിവസം തന്നെ. കൊലപാതകം വീണു കിട്ടിയതല്ലേ! ഇതൊന്നാഘോഷിക്കണം. ഒരു സിനിമക്കു പൊയ്ക്കളയാം—ഭാര്യയേയും കൂട്ടി—പട്ടാളംജാനകിതന്നെ കണ്ടുകളയാം— (പോകുന്നു)

ചെണ്ടമേളം [ചായക്കട. ചായക്കാരൻ, വേറെ നാലുപേരും]

കോരൻ: എൻെറ കേശവൻനായരേ, സത്യമറിഞ്ഞാൽ നമ്മൾ ഞെട്ടിപ്പോകും. ഇതിൻെറയൊക്കെ വാസ്തവം എന്നെങ്കിലും പുറത്തുവരുമോ?

കേ. നാ: ശരിയാ കോരാ.

ശശി: ഇത്തരം പ്രശ്നങ്ങൾക്കെതിരെ ഇന്നാട്ടുകാരായ നാമാണ് ഒത്തുചേരേണ്ടത്. പക്ഷെ, അതിന് നാട്ടുകാർ സത്യസ്ഥിതി എന്തെന്നറിയണം, അതിനുള്ള വഴികളാണ് നമ്മൾ ഉണ്ടാക്കേണ്ടത്.

തോമസ്: ഓ! അതൊക്കെ നമ്മളിവിടെയിരുന്നു പറഞ്ഞിട്ടെന്താ കാര്യം?

[റിപ്പോർട്ടർ വരുന്നു. തോമസ് കസേരയൊഴിഞ്ഞുകൊടുക്കുന്നു]

റി: ഒരു ചായ. (ഇരിക്കുന്നു)

തോ: സാറിനൊരുചായ. സാറിനെ മനസിലായില്ല-

റി: ഞാനങ്ങ് പട്ടണത്തീന്നാ. ഒരു പത്രത്തിൻെറ ആളാ.... മാലിന്യം! കേട്ടുകാണും.

തോ: ഉണ്ടോന്നോ! അതില്ലാതെ വീട്ടിലോട്ട് ചെന്നാൽ ഭാര്യ എൻെറ കഴുത്തിനു പിടിക്കും....

റി: സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ് മാലിന്യം. അവർക്കായി സൗന്ദര്യവേദി, പാചകരംഗം, വാരഫലം, സമ്മാനപദ്ധതി, 5 നോവലുകൾ–അങ്ങനെ ധാരാളം വിഭവങ്ങളുണ്ട്. അവരാണ് ഞങ്ങളുടെ മുഖ്യ വായനക്കാർ. പിന്നെ അവരുവഴി നിങ്ങളെപ്പോലെയുള്ളവരും....

കേശ: സാറെ ...ആ നോവല് തീർന്നു അല്ലേ?

റി: തീർന്നു. പുതിയ ഉഗ്രനൊരുസാധനം വരുന്നുണ്ട്.

കേശ: വെട്ടുവഴിഇട്ടൂപ്പിൻെറ നോവൽ സിനിമയാകുകയാണല്ലേ സാറെ?

റി: അതെ. ഒളിച്ചോടിയ അന്നാമ്മയല്ലേ? പരസ്യം ഈയാഴ്ച ഉണ്ടല്ലോ ...

തോ: സാറെ അതിലെ നടീനടൻമാരെ തെരഞ്ഞെടുക്കാൻ പറഞ്ഞിരുന്നില്ലെ വായനക്കാരോട്? എൻെറ ഭാര്യയും അയച്ചിട്ടുണ്ട്....

റി: ഒന്നാം സമ്മാനം എന്താണെന്നറിയില്ലേ? ഒരു പവനാ. പിന്നെ എല്ലാവരെയും പരിചയപ്പെടാൻ കഴിഞ്ഞതിൽ സന്തോഷം. ഞാനിങ്ങോട്ട് വന്നത് ഒരു പ്രത്യേക കാര്യത്തിനാണ്.

എല്ലാവരും: എന്താ സാറെ?

റി: ഇവിടെയടുത്ത് ഈയ്യിടെയൊരു മരണം നടന്നില്ലേ?

തോ: മരണമോ? കൊലപാതകമാണു സാറെ.

കേശ: അല്ല സാറെ, അതൊരാത്മഹത്യയാണ്.

കേരാ: ആ തള്ള ഒരു ഭയങ്കരിയാണ് സാറെ....

[റിപ്പോർട്ടർ തിരക്കിട്ട് എഴുതിയെടുക്കുന്നു ചെണ്ടമേളം മാത്രം]

കോര: ഞാനാണ് സാറെ ആ വീട്ടില് പാല് കൊണ്ടു കൊടുക്കുന്നത്.

റി: എങ്കിൽ എനിക്ക് നിങ്ങളുടെ ഒരു ഫോട്ടോവേണം.... (ഫോട്ടോ എടുക്കാൻ തുടങ്ങുന്നു) ഒരു പാൽക്കുപ്പി കയ്യിലെടുത്തോളൂ. ദുഃഖിച്ച് നിൽക്കണം. ദുഃഖിതനായ ഗ്രാമവാസി എന്നാണ് ഇതിൻെറ അടിക്കുറിപ്പ് (ഫോട്ടോ എടുക്കുന്നു. പുറത്തേക്ക് നടക്കുന്നു.)

എല്ലാവരും: സാറു പോകുവാണോ.

റി: അല്ല ...കടയുടെ ഫോട്ടോകൂടി വേണം (എടുക്കുന്നു) ഇനി ഒരുപകാരം കൂടി ചെയ്തുതരണം....ആ വീടുവരെ എനിക്കൊന്ന് വഴികാട്ടിത്തരണം.

എല്ലാവരും: അതിനൊരു വിഷമവുമില്ല സാറേ....ഞങ്ങളെല്ലാവരും വരാമല്ലോ....

റി: നമുക്കൊരുമിച്ച് പോകാം അല്ലേ?

[എല്ലാവരും പോകുന്നു. ചെണ്ടമേളം]

തോ: (ഓടിവരുന്നു) എടാ....മാലിന്യം കിട്ടിയെടാ....

[മററുള്ളവരും ഓടിയടുക്കുന്നു. തോമസ് ഇരിക്കുന്നു. മാലിന്യം കയ്യിൽ കിട്ടാൻ ബഹളം.. എല്ലാവരെയും അടക്കി തോമസ് വായന തുടങ്ങുന്നു.]

'മധ്യാഹ്ന സൂര്യൻെറ തീക്ഷ്ണമായ ചൂടേററുകൊണ്ട് ആ ഗ്രാമവീഥിയിലൂടെ ഞങ്ങൾ നടന്നു. അങ്ങകലെ സസ്യശ്യാമളകോമളമായ വെട്ടുകുഴിഗ്രാമം ഞങ്ങൾ കണ്ടു. കിലുകിലാരവത്തോടുകൂടി ഒഴുകുന്ന പുഴയുടെ തീരത്തെ മരങ്ങളിൽ കിളികൾ കളകളാരവം മൊഴിക്കുന്നുണ്ടായിരുന്നു. തവളകൾ ക്രോം ക്രോം ശബ്ദമുണ്ടാക്കി ഞങ്ങളെ ആ ഗ്രാമത്തിലേക്ക് ക്ഷണിച്ചു. ആ ഗ്രാമത്തിൻെറ മുഴുവൻ ദു:ഖവും

പേറിക്കൊണ്ട് വൃക്ഷലതാദികളും തെങ്ങോലകളും നിശ്ചലമായി നിലകൊണ്ടു. ഏതാനും ദൂരം നടന്നുകഴിഞ്ഞപ്പോൾ ഞങ്ങൾ ഷാജിയുടെ ഓലമേഞ്ഞ ചായക്കടയിലെത്തി. ഗ്രാമവാസികളെല്ലാം ഞങ്ങളുടെ ചുററും തടിച്ചുകൂടി. എല്ലാവരുടെയും മുഖത്ത് ദുഃഖം തളംകെട്ടിക്കിടന്നിരുന്നു. ഗദ്ഗദകണ്ഠനായി ഷാജി നടന്ന സംഭവങ്ങൾ ഞങ്ങളോട് വിവരിച്ചു. ഇതൊരു കൊലപാതകമാണെന്ന് തോമായും അല്ല ആത്മഹത്യയാണെന്ന് കേശവൻനായരും. മരിച്ചിട്ട് മണിക്കൂറുകൾ കഴിഞ്ഞിട്ടും ബോധം തിരിച്ചുകിട്ടാതെ അവശനിലയിൽ കിടക്കുന്ന അമ്മായിഅമ്മ, ശാന്ത കുടുംബത്തിൻെറ കെടാവിളക്കായിരുന്നെന്ന് ഞങ്ങളോട് പറഞ്ഞു. ഭാര്യനഷ്ടപ്പെട്ട വേദന ഇപ്പോഴും വിട്ടുമാറാത്ത ശാന്തയുടെ ഭർത്താവ് താൻ ഇനി സന്യസിക്കാൻ പോവുകയാണെന്ന് ഞങ്ങളോട് പറഞ്ഞു. സംഭ്രമജനകമായ ഈ സംഭവങ്ങളുടെ നിജസ്ഥിതിയിലേക്ക് വെളിച്ചംവീശുന്ന വിശദമായ റിപ്പോർട്ട് അടുത്ത ലക്കത്തിൽ.''

അടുത്തലക്കത്തിൽ ശാന്ത പഠിച്ച ട്യൂട്ടോറിയൽകോളേജധ്യാപകനുമായുള്ള അഭിമുഖസംഭാഷണം. ഫോട്ടോ ൪3-ാം പേജിൽ

[ഫോട്ടോ കാണാൻ ബഹളം. അതിൻെറ മൂർധന്യത്തിൽ....]

ശശി: നിർത്തിനെടാ! ഓരോ മരണവും ഇവനൊക്കെ ഓരോ ലക്കത്തിനുള്ള വാർത്തകൾ. നമ്മുടെയൊക്കെ അമ്മമാരുടെയും സഹോദരിമാരുടെയും ശവങ്ങളിൽ ചവിട്ടിനിന്ന് ഇവനൊക്കെ പത്രപ്രവർത്തനം കൊണ്ട് പണമുണ്ടാക്കുന്നത് നോക്കിനിൽക്കാൻ നിനക്കൊന്നും നാണമില്ലേ? ഇത്തരം മാലിന്യങ്ങളെ നാമിനിയും വച്ചുപൊറുപ്പിക്കണോ?

[മാസികവാങ്ങി വലിച്ചുകീറുന്നു]

ശാസ്ത്രകലാജാഥ
1985

നവംബർ 7 — ഡിസംബർ 7

പൊൻകുന്നം — പരവൂർ

നെമ്മാറ — പട്ടുവം

പരിഷത് സമീകരണം

ശാസ്ത്രം അധ്വാനം

അധ്വാനം സമ്പത്ത്

സമ്പത്ത് ജനനൻമക്ക്

ശാസ്ത്രം ജനനൻമക്ക്

ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്

യൂണിയൻ കാർബൈഡ് ഉൽപന്നങ്ങൾ
ബഹിഷ്കരിക്കുക